# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 256

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ജൂൺ മാസം 5-ാം തീയതി ഞായറാഴ്ച നാം സഭയായി വൈദിക ദിനം ആചരിക്കുകയാണ്. അന്ന് നമ്മുടെ എല്ലാ വൈദീകരെയും ഓർത്ത് പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും വേണം. അവരുടെ ശുശ്രൂഷ പരിശുദ്ധാത്മ പ്രേരിതവും, ഏവർക്കും അനുഗ്രഹപ്രദവും ആയിത്തീരട്ടെ.

നമ്മുടെ വൈദീകരെയും അവരുടെ കുടുംബാംഗങ്ങളെയും രോഗാവസ്ഥയിൽ സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. മരുന്നിന്റെയും ചികിത്സയുടെയും ചെലവുകൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ചികിത്സാ ചെലവുകൾ പലർക്കും താങ്ങാവുന്നതിൽ അധികമാണ്. പട്ടക്കാരുടെ ചികിൽസാ ചെലവുകൾക്കായി കഴിഞ്ഞ വർഷം വരവിനേക്കാൾ അധികം ചെലവായി. ചികിത്സയിൽ അച്ചന്മാരെ സഹായിക്കുന്നതിനു വേണ്ടിയാണ് പട്ടക്കാരുടെ ചികിത്സാ സഹായ നിധി ശേഖരിക്കുന്നത്. കഴിഞ്ഞ മാർച്ച് 31-ാം തീയതിയ്ക്കകം 85 ലക്ഷത്തിലധികം രൂപാ അധികചെലവ് വന്നിട്ടുണ്ട്. ഈ കുറവ് പരിഹരിക്കേണ്ടത് സ്തോത്രകാഴ്ചയിലൂള്ള വർദ്ധനവിലൂടെയാണ്. ചികിത്സാസഹായ പദ്ധതിയിൽ തങ്ങളുടെ വിഹിതം അടയ്ക്കേണ്ട പട്ടക്കാർ നിർബന്ധമായും അവ അടയ്ക്കേണ്ടതാണ്. 2016 ഏപ്രിൽ 1-ന് നിലവിൽവന്ന പദ്ധതിപ്രകാരം ഓരോ പട്ടക്കാരനും, അദ്ദേഹം ശുശ്രൂഷ ചെയ്യുന്ന ഇടവകയോ സ്ഥാപനവും അടിസ്ഥാന ശമ്പളത്തിന്റെ 4% വീതം (ആകെ 8%), ചികിൽസാസഹായ പദ്ധതിയുടെ മാസവരി അതാത് മാസത്തിന്റെ 30-ാം തീയതിക്കു മുമ്പായി സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. മാസവരി അടയ്ക്കാത്ത പക്ഷം മാസവരി കുടിശിഖ ലിസ്ററിൽ പേര് ചേർക്കുന്നതും കുടിശിഖ തീർത്തശേഷം മാത്രം മെഡിക്കൽ ക്ളയിം റൂൾ പ്രകാരം അനുവദിക്കുന്നതുമായിരിക്കും. മാസവരി മുൻകൂറായി അടയ്ക്കാവുന്നതാണ്.

ജൂൺ മാസം 5-ാം തീയതി ഞായറാഴ്ച ശുശ്രൂഷാമദ്ധ്യേ കവറുകളിലും അല്ലാതെയും ലഭിക്കുന്ന സ്തോത്രകാഴ്ച പൂർണ്ണമായും, ഇതിനായി ശേഖരിക്കുന്ന പ്രത്യേക സംഭാവനകളും താമസംവിനാ സഭാ ഓഫീസിൽ അടയ്ക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണം. സ്തോത്രകാഴ്ചയിൽ എല്ലാവരും ഉദാരമായി സഹകരിക്കണം.

പ്രിയരെ, നമ്മുടെ പട്ടക്കാർ ശരീരത്തിലും മനസ്സിലും ആത്മാവിലും കൂടുതൽ ശക്തി പ്രാപിച്ച് സഭയിലും ലോകത്തിലും ദൈവ മഹത്വത്തിനായി പ്രവർത്തിപ്പാൻ ആവശ്യമായ കൃപകൾ ദൈവം ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കാം.

കൃപ നിങ്ങളോട് ഏവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2016 ഏപ്രിൽ 22—ാം തീയതി,

J. mmalabar.

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

**Circular No. 256**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

We, as a Church are observing the Clergy Day on Sunday, 5th June. On that day we should remember our Clergy in our prayers and thank God for them. May their service be inspired by the Holy Spirit and be a blessing to everyone.

We have the responsibility to help our clergy and their families when they fall sick. The cost of medicine and treatment is increasing day by day. For many, it is beyond their means. Last year, the medical expenses of the clergy exceeded the amount we received for the purpose. It is to help Achens meet their medical expenses that we raise a special fund.There is an over expenditure of ₹ 85 lakhs in this regard until 31st March 2016. It should be compensated through the increase in offertory collection. The clergy who are due in payment of their share towards Medical Aid Scheme, should remit it without fail. As per the new scheme came into effect from 1st April 2016, every clergy and Parish or institution where he is working should remit 4% each of the basic pay (total 8%) towards the Medical Aid Scheme as monthly subscription before 30th of every month. Achens should take proper care to ensure that the subscriptions for Medical Aid are paid by the Parish/Institution, default of which can lead to adding their names into arrears list and only after paying the arrears, Medical aid claims will be entertained as per rule. Subscriptions can be paid in advance.

The parish officials must see that the entire offertory received in special envelopes and otherwise during the service on Sunday the 5th June along with special contributions if any, is remitted promptly to the Sabha Office without delay. All should participate generously in the offertory.

Beloved, we pray that God may shower on our ordained ministers the grace they need to work for His glory endowed with greater strength of body, mind and soul.

Grace be with you all.

Dated 22nd April 2016 from Poolatheen, Tiruvalla

Dr. Joseph Mar Thoma Metropolitan